പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യ നം. 2049

08.03.2018 ൽ മറുപടിയ്ക്ക്

## ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് കമ്പനി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ഷാഫി പറമ്പിൽ** | | **ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും കായികവും യുവജന കാര്യവും വകുപ്പുമന്ത്രി)** |
| (എ) | കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ച പാലക്കാട്ടെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് കമ്പനി ഏറ്റെടുത്ത് നടത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ; വിശദമാക്കാമോ ; | (എ) & (ബി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിക്കുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ നയം. വളരെയധികം തന്ത്രപ്രധാനമായ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ പൊതുമേഖലയിൽ നിന്നുള്ള കേന്ദ്ര സർക്കാരിന്റെ പിൻമാറ്റം സംസ്ഥാനത്തിന്റെ വ്യവസായിക മേഖലയുടെ വളർച്ചയ്ക്ക് വിലങ്ങുതടിയാകുകയും രാജ്യത്തെ പൊതുആസ്തികൾ അന്യാധീനപ്പെട്ടുപോകുകയും ചെയ്യുന്നു. ഈ സ്ഥാപനത്തെ പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനായി, സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തുന്നതിന് ചീഫ് സെക്രട്ടറി തലവനായ ഒരു ഉന്നതാധികാര കമ്മിറ്റിയും പ്രവർത്തിച്ചുവരുന്നു. കേന്ദ്ര സർക്കാർ പ്രതിനിധികളുമായി ഈ കമ്മിറ്റിയുടെ യോഗം 22.02.2018 ലും കൂടിയാലോചന നടത്തിയിരുന്നു. ഏറ്റെടുക്കലിന്റെ ഭാഗമായി ആസ്തികളുടെ ധനപരമായ കൃത്യമായ പരിശോധനയുടെ അടിസ്ഥാനത്തിൽ 76.63 കോടി രൂപയുടെ അറ്റ ആസ്തി മൂല്യമാണ് |
| (ബി) | കമ്പനി ഏറ്റെടുക്കുന്നതിന് മുമ്പ് ജീവനക്കാർക്ക് നൽകാനുള്ള കുടിശ്ശിക ബാധ്യത കേന്ദ്രം ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ ; അതിന്മേലുള്ള കേന്ദ്ര സർക്കാർ പ്രതികരണം എന്താണെന്ന് വ്യക്തമാക്കാമോ ? | | |

| | | | |
|---|---|---|---|
| | | | കണക്കാക്കിയിരിക്കുന്നത്. ഇതിൽ നിന്നും 23.61 കോടി രൂപയുടെ ബാധ്യതകളൊഴിച്ചാൽ 53.02 കോടി രൂപ കേന്ദ്ര സർക്കാരിന് നൽകേണ്ടി വരുമെന്നാണ് ഇത് സംബന്ധിച്ച കമ്മിറ്റി തത്വത്തിൽ അംഗീകരിച്ചിരിക്കുന്നത്.<br>ജീവനക്കാരുടെ ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസുകളുടെ തീർപ്പുകളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നതാണ്. |

Bindu.T

**സെക്ഷൻ ഓഫീസർ**